ഖുത്വ്ബ
13.5.2005
കെനിയ

# ആദരയുക്തമായ ഭയം മറ്റുള്ളവരിൽ ഉണ്ടാക്കിത്തീർക്കുക

**ഹ**സ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: യഥാർത്ഥ ഭയഭക്തിയോടൊപ്പം ചേരുന്നതല്ല അജ്ഞത. യഥാർത്ഥ തഖ്‌വ അഥവാ ഭയഭക്തി ഒരു പ്രകാശമുൾക്കൊള്ളുന്നതാണ്. പ്രതാപവാനായ അല്ലാഹു പറയുന്നു:

يَاأَيُّهَا الَّذِينَ آمَنُوا إِن تَتَّقُوا اللَّهَ يَجْعَل لَّكُمْ
فُرْقَانًا - وَيَجْعَل لَّكُمْ نُورًا تَمْشُونَ بِهِ

വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ അവൻ നിങ്ങൾക്ക് ഒരു വിവേചക വൈശിഷ്യം നല്കുകയും നിങ്ങളുടെ വൈകല്യങ്ങളെ ദൂരീകരിക്കുകയും ചെയ്യുന്നതാണ്.(*8:30*) ആ വിവേചകവൈശിഷ്യം എന്താണെന്നുവെച്ചാൽ അവൻ നിങ്ങൾക്ക് ഒരു പ്രകാശം നല്കുന്നതാണ്. അതുംകൊണ്ട് നിങ്ങൾ വഴിനടക്കും. (*57:29*)

അതായത് ആ പ്രകാശം നിങ്ങളുടെ എല്ലാ കർമ്മങ്ങളിലും വാക്കുകളിലും ശക്തികളിലും ഇന്ദ്രിയങ്ങളിലും പ്രവഹിക്കുന്നതാണ്. നിങ്ങളുടെ ബുദ്ധിയിലും പ്രകാശമുണ്ടാകും. നിങ്ങളുടെ ബുദ്ധി പരമായ കാര്യങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ കണ്ണുകളിലും നിങ്ങളുടെ കാതുകളിലും നിങ്ങളുടെ നാവുകളിലും നിങ്ങളുടെ വിവരണങ്ങളിലും നിങ്ങളുടെ എല്ലാ അനക്കമടക്കങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങൾ നടക്കുന്ന വഴികൾ പ്രകാശമയമായിരിക്കും. നിങ്ങളുടെ എല്ലാ മാർഗ്ഗങ്ങളും പ്രകാശപൂരിതമാകും. നിങ്ങൾ അടിമുടി പ്രകാശത്തിലൂടെയായിരിക്കും നടക്കുക.

ഇവിടെ, അല്ലാഹുവിനെ ഭയപ്പെടുന്നുവെന്നും, തഖ്‌വ സ്വായത്തമാക്കുന്നുവെന്നുമുള്ള വാദം മാത്രം പോരെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. മറിച്ച്, ആരെയെങ്കിലും ഭയക്കുന്നുവെങ്കിൽ അത് ഓരോ കർമ്മംകൊണ്ടും അല്ലാഹുവിനെ മാത്രമാണെന്ന് തെളിയിച്ചുകാണിക്കണം. എന്തെങ്കിലും പേടിയുണ്ടെങ്കിൽ, അത് അല്ലാഹു വെറുക്കുമോ എന്ന പേടിയായിരിക്കണം. ദുൻയാവിലെ എല്ലാ വസ്തുക്കളെക്കാളും അധികം സ്നേഹം അല്ലാഹുവിനോടാണെന്ന് സ്ഥാപിച്ചുകാണിക്കണം. ഇത് വല്ലപ്പോഴും പ്രകടമായാൽ മാത്രംപോരാ. ഇത് നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിത്തീരണം. ദുൻയാവിനോടുള്ള ഒരു അത്യാർത്തിയും ഒരു ബന്ധവും അല്ലാഹുവിനെക്കാൾ കൂടുതൽ പ്രിയപ്പെട്ടതാകാൻ പാടില്ല. അപ്പോഴാണ് നിങ്ങളിൽ തഖ്‌വയുണ്ടെന്ന് പറയാൻ കഴിയുക. തഖ്‌വയെ വിശദീകരിച്ചുകൊണ്ട് അവിടന്ന് വീണ്ടും എഴുതുന്നു: തഖ്‌വയ്ക്ക് ഒരുപാട് ഭാഗങ്ങൾ ഉണ്ട്. സ്വാർത്ഥത, എടുത്തുചാട്ടം തുടങ്ങിയവയിൽ നിന്ന് വിട്ടുനില്ക്കുകയും നിഷിദ്ധമായ മുതൽ തിന്നാതിരിക്കുകയും ദുസ്സ്വഭാവങ്ങളിൽനിന്ന് രക്ഷപ്പെടലുമെല്ലാം തഖ്‌വയാണ്. ഈ അല്പം ചില തിന്മകൾ എണ്ണിക്കൊണ്ട് അവിടന്ന് പറഞ്ഞിരിക്കുന്നത്, എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുന്നതും എല്ലാ നന്മയും സ്വായത്തമാക്കുന്നതും അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുവേണ്ടി മാത്രമായിരിക്കണമെന്നാണ്. അതിന്റെ പേരാണ് തഖ്‌വ. നിങ്ങൾ ഈ നില കരസ്ഥമാക്കുമ്പോൾ, തഖ്‌വ കരസ്ഥമാക്കിയിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമായാൽ ഓർമ്മിച്ചുകൊള്ളുക, മനുഷ്യൻ ചിലപ്പോൾ സ്നേഹിക്കുകയും, ചിലപ്പോൾ വെറുക്കുകയും ചെയ്യുന്നതുപോലെയല്ല അവൻ സ്നേഹിക്കുന്നത്. മറിച്ച്, തഖ്‌വയിൽ ഒരുവൻ നിലനിന്നാൽ അവന്റെ ഭാവനയ്ക്കതീതമായി അല്ലാഹു അവനെ ശ്രദ്ധിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹവർഷത്തിൽനിന്ന് അയാൾ തഖ്‌വയിൽ നിലകൊള്ളുന്നവനാണെന്ന് മനസ്സിലാകും. ഒരു ലൗകികനും അവനും തമ്മിൽ വ്യക്തമായ വ്യത്യാസം ഉണ്ടായിരിക്കും. തഖ്‌വയിൽ നിലകൊള്ളുന്നവനെ അല്ലാഹു അടിമുതൽ മുടിവരെ പ്രകാശമയമാക്കും. അല്ലാഹുവിന്റെ പ്രകാശം പ്രകടമാകാത്ത ഒരു കാര്യവും അവനിൽനിന്നുണ്ടാകുകയില്ല. അവന്റെ ഓരോ കർമ്മവും ഓരോ പ്രവർത്തിയും അവന്റെ അനക്കമടക്കവുമെല്ലാം അല്ലാഹുവിന്റെ കല്പനകൾക്കനുസൃതമായിട്ടായിരിക്കും നടക്കുന്നത്. അത്തരം വ്യക്തി ഏതെങ്കിലും സദസ്സിൽ ചെന്നാൽ, മറ്റുള്ളവരിൽ അയാളെ സംബന്ധിച്ച് ഒരു ആദരയുക്തമായ ഭയമു

ണ്ടായിരിക്കും. അല്ലാഹുവിന്റെ സഹായം അയാളോ ടൊപ്പം ഉണ്ടായിരിക്കും. ഓരോ അഹ്മദിയിലും ഉണ്ടാ യിരിക്കേണ്ടത് ഇത്തരം തഖ്‌വയാണെന്ന് അവിടന്ന് പറയുന്നു. ഓരോ അഹ്മദിയും ഇത് കരസ്ഥമാക്കു കയാണെങ്കിൽ അല്ലാഹു അവന്റെ വാഗ്ദാനമനുസ രിച്ച് നിങ്ങൾക്കും മറ്റുള്ളവർക്കുമിടയിൽ വ്യക്തമാ യൊരു വ്യത്യാസം ഉണ്ടാക്കുന്നതാണ്. ഈ നിലകൾ കരസ്ഥമാക്കാൻ നമ്മളിലോരോരുത്തരും പരിശ്രമി ക്കേണ്ടതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ വിജ യവും അതിന്റെ ആധിക്യവും ആയുധങ്ങൾ മുഖേന ഉണ്ടാകുകയില്ല. മറിച്ച്, ഈ നന്മകളും തഖ്‌വയുമാണ് നമ്മുടെ വിജയത്തിന്റെ കോന്തല. ഭൗതികമായ നില യിൽ നമ്മുടെ കൈയിൽ ശക്തിയോ അതിനുപറ്റിയ മാർഗ്ഗങ്ങളോ ഇല്ല. ഭൗതികമായ മാർഗ്ഗങ്ങളുടെ അടി സ്ഥാനത്തിൽ നോക്കിയാൽ നമുക്ക് അവരെ ഒരു മിനിറ്റുപോലും നേരിടാൻ ഒക്കുകയില്ല. എന്നാൽ, നമ്മളിൽ തഖ്‌വയുണ്ടാക്കുകയും, നമ്മുടെ മനസ്സിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാക്കുകയും അല്ലാഹു വിനോടുള്ള സ്നേഹം സൃഷ്ടിക്കുകയും ചെയ്താൽ ഞാൻ നിങ്ങൾക്കൊരു ശക്തി തരുമെന്നും അതിനെ നേരിടാൻ ലോകത്തെ ഒരു ശക്തിക്കും സാധ്യമ ല്ലെന്നും അല്ലാഹു പറയുന്നു. അതുകൊണ്ട് ഓരോ അഹ്മദിയും അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവരുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കേ ണ്ടതാണ്. തഖ്‌വയുടെ നിലകളെ മെച്ചപ്പെടുത്തേണ്ട താണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തപ്പോൾ അല്ലാഹുവിനോടുള്ള തഖ്‌വ സ്വായ ത്തമാക്കുമെന്നും അവനെ ആരാധിക്കുമെന്നും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുമെന്നും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നും സൃഷ്ടികളോടുള്ള കടമ നിറവേറ്റുമെന്നും ഉൽകൃഷ്ട മായ സ്വഭാവങ്ങളുടെ മാതൃക കാണിക്കുമെന്നും ആരുടെയും അവകാശം ധ്വംസിക്കുകയില്ലെന്നും അഹങ്കരിക്കുകയില്ലെന്നും ഭാര്യ ഭർത്താവിനോടും ഭർത്താവ് ഭാര്യയോടുമുള്ള കടമ നിറവേറ്റുമെന്നും പ്രതിജ്ഞ ചെയ്തവരാണ് നാം. കാരണം കടമകൾ നിറവേറ്റുക എന്നത് അല്ലാഹുവിന്റെ കല്പനയാണ്. അപ്പോഴാണ് നാം മുത്തഖിയെന്ന് പറയപ്പെടുക.

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നുദ്ദേശ്യത്തോടെ ഭർത്താവ് തന്റെ ഭാര്യയുടെ വായിൽ ഒരു ഉരുളവെച്ചുകൊടുത്താൽ, അല്ലാഹു അതിനും പ്രതിഫലം നല്കുമെന്ന് ഒരു ഹദീസിൽ വന്നിരിക്കുന്നു. അല്ലാഹുവിനെ ഭയന്നും അവന്റെ സ്നേഹം കരസ്ഥമാക്കണമെന്ന വിചാരത്തോടും കൂടി നിങ്ങൾ എന്ത് പ്രവർത്തിച്ചാലും അത് തഖ്‌വ യാണ്.

ഞാൻ പറയുകയുണ്ടായി, ഇത്തരം വിചാര ത്തോടെ നിങ്ങൾ ഓരോ കർമ്മവും ചെയ്യുമ്പോൾ ലോകത്തിലെ ഒരു ശക്തിയ്ക്കും ഒരിക്കലും നിങ്ങളെ നേരിടാൻ സാധിക്കുകയില്ല. നിങ്ങൾ ജമാഅത്ത്പര മായ നിലയിൽ ശക്തിപ്രാപിക്കുമെന്ന് മാത്രമല്ല, വ്യക്തിപരമായനിലയിലും സമൂഹത്തിൽ നിങ്ങളുടെ സ്ഥാനം ഉയർന്നുനില്ക്കും. നിങ്ങളുടെ മുതലിലും മക്കളിലും അല്ലാഹു അനുഗ്രഹം ചൊരിയും. മാന്യ മായ സ്ഥാനം അല്ലാഹു നിങ്ങൾക്കു നല്കും.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: "***ഇന്നഅക്റമക്കും ഇൻദല്ലാഹി അത്ഖാക്കും***" തീർച്ച യായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവെച്ചേ റ്റവും ബാഹുമാന്യൻ നിങ്ങളിൽവെച്ചേറ്റവും ഭയഭ ക്തിയുള്ളവനാകുന്നു.(*49:14*) അല്ലാഹു മാന്യത നല്കിയനുഗ്രഹിച്ച വ്യക്തിയെ അവൻ ഭൂമിയിൽ നിന്ദ്യനാക്കുന്നതെങ്ങനെ? എല്ലാ സുഹൃത്തുക്കളെ ക്കാളുമധികം സുഹൃത്തുക്കളോടുള്ള കടമ നിറവേ റ്റുന്നവനാണ് അല്ലാഹു. ഇങ്ങനെവരുമ്പോൾ ഭൗതി കരായ ആളുകളുടെ ഇടയിൽ തന്റെ ദാസരെ അവൻ നിന്ദ്യരും അപമാനിതരുമാക്കുന്നതെങ്ങനെ? ഭൗതി കരായ ആളുകളേയും നബിമാർക്ക് അഭിമുഖീകരി ക്കേണ്ടിവരുന്നുവെന്നത് ഒരു നിയമമാണ്. അവരുടെ സന്ദേശം പരക്കാതിരിക്കാൻ ഭൗതികർ കിണഞ്ഞു പരിശ്രമിക്കാറുണ്ട്. ദുൻയാവിന്റെ മുമ്പിൽ അവരെ വീഴ്ത്താൻ ശ്രമിക്കുന്നു. എന്നാൽ, അല്ലാഹു എപ്പോ ഴെങ്കിലും അവരെ ഉപേക്ഷിച്ചിട്ടുണ്ടോ? ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. നബിമാർ അല്ലാഹുവിനാൽ അയ ക്കപ്പെട്ടവരും അവരെ അവൻതന്നെ സംരക്ഷിക്കു ന്നവനുമാണ്. ലോകത്ത് അവരെ വിജയിപ്പിക്കുന്നതും അല്ലാഹുതന്നെ. അവരെ വിശ്വസിക്കാത്തവരെ വിവി ധരൂപത്തിൽ ശിക്ഷിക്കുന്നു. എന്നാൽ, തഖ്‌വയിൽ നിലകൊള്ളുന്ന ഒരു സാധാരണക്കാരനെപോലും അല്ലാഹു ഉപേക്ഷിക്കുകയില്ലെന്നത് ഓർമ്മിച്ചുകൊ ള്ളുക. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് അവ നുമായി ബന്ധം സ്ഥാപിക്കുന്നവന്റെ മാന്യത നില നിർത്തുന്നു. അതിനുള്ള നിബന്ധന ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, അവൻ സ്ഥിരചിത്തതയോടെ നില്ക്കണം എന്നതാണ്. അവ നിൽ സുസ്ഥിരമായ സൽസ്വഭാവങ്ങൾ ഉണ്ടായിരി ക്കണം. നിസ്സാരമായ പരീക്ഷണം വരുമ്പോൾ, ലോകരെ ഭയന്നുകൊണ്ട് എല്ലാ സുഹൃത്തുക്കളെ ക്കാളും മികച്ച സുഹൃത്തും സ്നേഹിതനുമായ അല്ലാഹുവിന്റെ പടിവാതിൽ ഉപേക്ഷിച്ചുകളയാൻ പാടില്ല. ദൃഢചിത്തരായിക്കൊണ്ട് അവന്റെ പടിവാ തിൽക്കൽ കിടന്നാൽ, അവന്റെ കോന്തലയെ മുറു കെപിടിച്ചാൽ അവൻ എല്ലാ ബുദ്ധിമുട്ടുകളിൽനിന്നും

രക്ഷിക്കുമെന്നുമാത്രമല്ല മറ്റുള്ളവരിൽ നിങ്ങൾക്ക് ആദരയുക്തമായ ഒരു ഭയവും സ്ഥാപിക്കുന്നതാണ്. അല്ലാഹു തന്റെ സൃഷ്ടികളുടെമേൽ ദൃഷ്ടിവെച്ചു കൊണ്ട് അവരുടെ ബുദ്ധിമുട്ടുകൾ അകറ്റുന്നതിനു വേണ്ടി ഇരിക്കുന്ന ആത്മാർത്ഥനായ കൂട്ടുകാരനാണ്. ആ ബുദ്ധിമുട്ടുകൾ അകറ്റുന്നതിനുള്ള വഴി തെളിക്കുന്നു. അവൻ പറയുന്നു:

*വമൻയ്യത്തഖില്ലാഹ യജ്അൽല്ലഹൂമഖ്റജാ* വല്ലവനും അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ അവന് അല്ലാഹു ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷപ്പെടാനുള്ള എന്തെങ്കിലും മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതാണ്.(*65:3*) തന്റെ പടിവാതിൽക്കൽ വരുന്നവരേയും തന്നെ ഭയപ്പെടുന്നവരേയും സംബന്ധിച്ച് ഞാൻ അവരുടെ ജീവിതവിഭവത്തിലും അനുഗ്രഹം ചൊരിയുമെന്ന് അല്ലാഹു പറയുന്നു. അതിരില്ലാതെ പണമുണ്ടാകുക എന്നത് ജീവിതവിഭവത്തിലുള്ള അനുഗ്രഹമാണെന്ന് ചിലർ കരുതുന്നു. ശരിതന്നെ. സാത്വികനായ ഒരു മനുഷ്യന്റെ പക്കലാണ് ഇതുള്ളതെങ്കിൽ ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. കാരണം തന്നോടൊപ്പം തന്റെ സഹോദരങ്ങളുടെ കാര്യങ്ങളും അയാൾ നോക്കുന്നു. ഒരുപാട് വ്യർത്ഥമായ കാര്യങ്ങളിൽനിന്നകറ്റിയും പാപങ്ങളിൽനിന്ന് രക്ഷിച്ചും അല്ലാഹു അവന്റെ ദാസന്റെ സമ്പത്തിൽ ബർക്കത്തിടാറുണ്ട്. ഉദാഹരണത്തിന്, ചൂതാട്ടം, മദ്യം, വ്യഭിചാരം തുടങ്ങിയവയിൽനിന്ന് രക്ഷിച്ചുനിർത്തുന്ന ഒരു തുക കൊണ്ട് ഒരു അഹ്മദീമുസ്ലിം തന്റെ ഭാര്യയുടേയും മക്കളുടേയും ചെലവ് വഹിക്കുകയും ചന്ദ കൊടുക്കുകയും ചെയ്യുമ്പോൾ, അതേ തുകകൊണ്ട് വ്യർത്ഥമായ കാര്യങ്ങളിലും പാപങ്ങളിലും അകപ്പെട്ടുകിടക്കുന്ന ഒരു വ്യക്തിയുടെ വീട്ടിൽ എപ്പോഴും വഴക്കും വക്കാണവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ, ഒരു മുത്തഖിയുടെ പണത്തിലുള്ള അനുഗ്രഹം മുത്തഖിയല്ലാത്ത ഒരുവന്റെ പണത്തിൽ ഉണ്ടാകുകയില്ല. ചില ഘട്ടത്തിൽ മുത്തഖിയുടെ ആവശ്യനിർവഹണത്തിനായി, അയാൾ ഭാവനയിൽ പോലും കാണാത്തവിധത്തിലുള്ള സഹായം അല്ലാഹുവിൽനിന്നുണ്ടാകുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:

*വ യർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബ് വമൻയ്യത്തവക്കൽ അലല്ലാഹി ഫഹുവ ഹസ്ബുഹു.* അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും. തന്റെ കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുന്നവനാരോ അവന് അല്ലാഹു മതിയായവനാകുന്നു.(*65:4*)

അന്യദൈവങ്ങളുടെ മുമ്പിൽ കുനിയാതെ അല്ലാഹുവിൽ സർവവും ഭരമേല്പിച്ചുകൊണ്ട് തഖ്വയോടുകൂടി അവന്റെ മുമ്പിൽ കുനിയുമ്പോൾ അല്ലാഹു കൊടുക്കുന്ന കാഴ്ചയും അവൻ കാണുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു: തഖ്വയിലും പരിശുദ്ധിയിലും എവിടെവരെ നാം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്ന് എപ്പോഴും നാം നോക്കേണ്ടതാണ്. അതിന്റെ മാനദണ്ഡം ഖുർആനാണ്. അല്ലാഹുതആല മുത്തഖികളുടെ അടയാളങ്ങളിൽ ഒരടയാളമായി വെച്ചിട്ടുള്ളത് അല്ലാഹു മുത്തഖിയെ വെറുക്കപ്പെട്ട വസ്തുക്കളിൽ നിന്ന് മോചിപ്പിച്ച് അവന്റെ പ്രവർത്തികൾക്ക് സ്വയം ജാമ്യക്കാരനായിത്തീരുന്നു എന്നതുമാണ്. അവൻ പറഞ്ഞു.

*വമൻയ്യത്തഖില്ലാഹ യജ്അൽല്ലഹൂ മഖ്റജൻ, വ യർസുഖ്ഹു മിൻഹയ്ഥു ലാ യഹ്തസിബ്* വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു വിഷമങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും.(*65:3,4*)

മാന്യമല്ലാത്ത ആവശ്യങ്ങൾക്ക് അല്ലാഹു മുത്തഖിയെ ആശ്രിതനാക്കുകയില്ല. ഉദാഹരണത്തിന് ഒരു കച്ചവടക്കാരൻ, കളവിലൂടെയല്ലാതെ തന്റെ പണി നടക്കുകയില്ലെന്ന് കരുതുന്നു. അതുകൊണ്ട് അയാൾ കളവിൽനിന്ന് പിൻമാറുന്നില്ല. കളവ് പറയാൻ നിർബന്ധിതനാണെന്ന് അയാൾ പറയുന്നു. എന്നാൽ, ഇക്കാര്യം ഒരിക്കലും ശരിയല്ല. അല്ലാഹുതആല അവൻതന്നെ മുത്തഖിയുടെ സംരക്ഷകനായിത്തീരുന്നു. സത്യവിരുദ്ധം പ്രവർത്തിക്കാൻ നിർബന്ധിതനാക്കുന്ന അത്തരം അവസരങ്ങളിൽനിന്ന് അല്ലാഹു അയാളെ രക്ഷിക്കുന്നു. ഓർമ്മിച്ചുകൊള്ളുക, അല്ലാഹുവിനെ ആരെങ്കിലും ഉപേക്ഷിച്ചാൽ, അല്ലാഹു അയാളേയും ഉപേക്ഷിക്കുന്നു. പരമകാരുണികൻ ഉപേക്ഷിച്ചാൽ തീർച്ചയായും ശയ്ത്വാൻ അയാളുമായി കൂട്ടുകൂടുകതന്നെ ചെയ്യും. മനുഷ്യൻ ബുദ്ധിമുട്ടുകളിലും വിപത്തുകളിലും അകപ്പെടുന്നു. അപ്പോൾ വിവിധ രീതിയിലുള്ള ആവശ്യങ്ങളായിരിക്കും വേണ്ടിവരുന്നത്. അതിനു പരിഹാരമായി പറഞ്ഞിട്ടുള്ളതും തഖ്വ തന്നെയാണ്. ഉപജീവനമാർഗ്ഗത്തിലുള്ള ഞെരുക്കങ്ങളിൽനിന്നും മറ്റു ഞെരുക്കങ്ങളിൽനിന്നുമുള്ള മോചനം തഖ്വ തന്നെയാണ്. അല്ലാഹു പറയുന്നു: ***വമൻയ്യത്തഖില്ലാഹ യജ്അൽല്ലഹു മഖ്റജൻവ്വ യർസുഖ്ഹു മിൻ ഹയ്ഥു ലായഹ്തസിബ്*** അല്ലാഹു മുത്തഖിക്ക് എല്ലാ വിഷമങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കുന്ന ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യുന്നു. (*65:3,4*)

നോക്കുക, ചിന്തിക്കുക, മനുഷ്യൻ ഈ

ലോകത്ത് ആഗ്രഹിക്കുന്നതെന്താണ്? ദുൻയാവിലെ മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹം അവന് സുഖവും സൗഖ്യവും ലഭിക്കുക എന്നതാണ്. അതിനുവേണ്ടി അല്ലാഹുതആല ഒരേയൊരു വഴി നിശ്ചയിച്ചിരിക്കുന്നു. അത് തഖ്‌വയുടെ വഴി എന്നു പറയപ്പെടുന്നു. മറ്റു പദങ്ങളിൽ അതിനെ വിശുദ്ധ ഖുർആന്റെ വഴി എന്നു പറയുന്നു. അതിന്റെ നാമം സ്വിറാത്തെ മുസ്തഖീം എന്നാണ്. സത്യനിഷേധികളുടെ കൈയിലും സമ്പത്തും മുതലും ഉണ്ടെന്നും അവർ അവരുടെ ജീവിതത്തിൽ സുഖലോലുപരായി കഴിയുന്നുവെന്നും പറയരുതെന്ന് പറഞ്ഞിരിക്കുന്നു.

പറയുന്നു: ഞാൻ നിങ്ങളോട് സത്യം പറയട്ടെ. ഭൗതികതയുടെ കണ്ണുകളും നിന്ദ്യമായ ലൗകികതയുടേയും ബാഹ്യമോടികൾക്ക് പ്രാധാന്യം കൊടുക്കുന്നവരുടെയും കണ്ണുകളുമാണ് അത്തരക്കാരെ സന്തോഷവാന്മാരായി കാണുന്നത്. വാസ്തവത്തിൽ അവരൊരു പുകച്ചിലിലും ദുഃഖത്തിലും കിടക്കുന്നവരാണ്. നിങ്ങൾ അവരുടെ ബാഹ്യരൂപത്തെ മാത്രമാണ് കണ്ടത്. ഞാൻ അവരുടെ മനസ്സിനെ കാണുന്നു. അതൊരു ചങ്ങലയിൽ ബന്ധിതമായിരിക്കുകയാണ്."

യഥാർത്ഥമായിട്ടുള്ളത് തഖ്‌വ തന്നെയാണെന്ന് പറഞ്ഞിരിക്കുന്നു. അല്ലാഹു മുത്തഖിയുടെ ജാമ്യക്കാരനാണ്. എന്നാൽ, സത്യനിഷേധികളുടെ പക്കൽ ഇത്ര പണമുണ്ടെന്നും അവർ സുഖകരമായി ജീവിക്കുമെന്നും ആർക്കെങ്കിലും തോന്നാം. പറഞ്ഞു: നിങ്ങൾക്കവരുടെ മാനസികാവസ്ഥ അറിയില്ല. ബാഹ്യത്തിൽ നോക്കുമ്പോൾ അവർ സുഖകരമായി ജീവിക്കുന്നതുപോലെ തോന്നും. എന്നാൽ, എനിക്കറിയാം, അവരുടെ ഉള്ളിലെ തീ എരിഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു ലോഹവളയം അവരുടെ കഴുത്തിനെ ഞെരുക്കിക്കൊണ്ടിരിക്കുകയാണ്. അത് നീക്കി പുറത്തുവരാൻ അവർക്ക് കഴിയില്ല. ഭൗതികനായ മനുഷ്യന്റെ ചിന്ത തന്റെ പൈസ എങ്ങും നഷ്ടപ്പെട്ടുപോകരുതെന്നാണ്. ഇക്കാലത്ത് പൊതുവെ മുത്തഖികൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് അത്തരക്കാർ ഇരയായിരിക്കുന്നു. അല്ലാഹു തങ്ങളെ വെറുക്കുമോ എന്ന വിഷമം മാത്രമേ മുത്തഖിയായ മനുഷ്യർക്കുള്ളൂ. എന്നാൽ, ലൗകികർക്ക് എന്തെങ്കിലും സ്വത്ത് നഷ്ടപ്പെട്ടാൽ അവർ കിടന്ന് മരിക്കാൻ തുടങ്ങുന്നു. വിവിധരീതിയിലുള്ള അസാന്മാർഗ്ഗികതകളിൽ മുഴുകുന്ന കാരണത്താൽ വിവിധതരം രോഗങ്ങൾ വേറെയുമുണ്ടാകുന്നു. ചിലയാളുകൾ തങ്ങളുടെ മുതൽ സൂക്ഷിച്ചുകൊണ്ട് രാത്രി ഒട്ടും ഉറങ്ങാതിരിക്കും. അക്കാരണത്താലും രോഗികളായിത്തീരുന്നു. ആരുടെയെങ്കിലും കൈയിൽ മുതലുണ്ടാകുകയും തഖ്‌വയില്ലാതിരിക്കുകയും ചെയ്താൽ ആ മുതലും ഒരു നാശമാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഈ വചനം വലിയൊരു സന്തോഷവാർത്തയാണ്. നിങ്ങൾ തഖ്‌വ സ്വായത്തമാക്കുക, അല്ലാഹു നിങ്ങളുടെ ജാമ്യക്കാരനായിരിക്കും. അവൻ ചെയ്തിട്ടുള്ള വാഗ്ദാനങ്ങളെല്ലാം പൂർത്തിയാകുകതന്നെ ചെയ്യും. പരിപൂർണ്ണമായ തഖ്‌വ ഉണ്ടെങ്കിലേ അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാവുകയുള്ളൂ എന്ന കാര്യം ഓർക്കുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങളുടെ ജീവിതവും നിങ്ങളുടെ മരണവും നിങ്ങളുടെ ഓരോ ചലനവും നിങ്ങളുടെ ശാന്തതയും തീഷ്ണതയും അല്ലാഹുവിനുവേണ്ടിയാകുകയും കയ്പുള്ള ഓരോ സമയവും വരുമ്പോഴും അല്ലാഹുവിനെ നിങ്ങൾ പരീക്ഷിക്കാതിരിക്കുകയും അവനുമായുള്ള ബന്ധം മുറിക്കാതിരിക്കുകയും എന്നല്ല മുന്നോട്ടു ചുവടുകൾ വയ്ക്കുകയും ചെയ്താൽ ഞാൻ സത്യമായും പറയുന്നു, നിങ്ങൾ അല്ലാഹുവിന്റെ ഒരു പ്രത്യേക ജനതയായി മാറും. ഞാൻ മനുഷ്യനെന്നപോലെ നിങ്ങളും മനുഷ്യരാണ്. എന്റെ അല്ലാഹുതന്നെയാണ് നിങ്ങളുടെ അല്ലാഹുവും. അതുകൊണ്ട് നിങ്ങളുടെ പരിശുദ്ധശക്തിയെ നഷ്ടപ്പെടുത്തിക്കളയാതിരിക്കുക. നിങ്ങൾ പൂർണ്ണമായി അല്ലാഹുവിലേക്ക് തിരിയുകയാണെങ്കിൽ, ഞാൻ അല്ലാഹുവിന്റെ ഇംഗിതപ്രകാരം നിങ്ങളോടു പറയുകയാണ്, നിങ്ങൾ അല്ലാഹുവിന്റെ ഒരു പരിശുദ്ധ സംഘമായിത്തീരും. അല്ലാഹുവിന്റെ മഹത്വം നിങ്ങളുടെ ഹൃദയങ്ങളിൽ കുടിയിരുത്തുക. അവന്റെ ഏകത്വത്തിന്റെ ഏറ്റുപറച്ചിൽ നാവിലൂടെ മാത്രമല്ല കർമ്മപരമായും ചെയ്യുക- അല്ലാഹുവും അവന്റെ ഔദാര്യം നിങ്ങളുടെമേൽ പ്രകടിപ്പിക്കുന്നതിനുവേണ്ടി."

വീണ്ടും പറഞ്ഞു: നിങ്ങൾക്ക് സന്തോഷവാർത്ത! ദൈവസാമീപ്യം പ്രാപിക്കാനുള്ള മൈതാനം കാലിയായി കിടക്കുകയാണ്. ഓരോ ജനതയും ദുൻയാവിനെ സ്നേഹിക്കുന്നു. അല്ലാഹു തൃപ്തിപ്പെടുന്ന കാര്യത്തിലേക്ക് ലോകർക്ക് ശ്രദ്ധയേയില്ല. ആരാണോ ഈ കവാടത്തിലൂടെ കടക്കാൻ ആഗ്രഹിക്കുന്നത്, അവർക്ക് അവരുടെ യോഗ്യത കാണിക്കുന്നതിനും അല്ലാഹുവിൽനിന്ന് പ്രത്യേകമായ അനുഗ്രഹം പ്രാപിക്കുന്നതിനുമുള്ള സമയമാണിത്. "അല്ലാഹു നിങ്ങളെ നഷ്ടത്തിലാക്കുമെന്ന് നിങ്ങൾ നിമിഷനേരംപോലും വിചാരിക്കരുത്. നിങ്ങൾ അല്ലാഹുവിന്റെ കരങ്ങളാൽ ഭൂമിയിൽ നടപ്പെട്ട ബീജമാകുന്നു. അല്ലാഹു പറയുന്നു, ഈ ബീജം മുളക്കുകയും വളരുകയും നാനാഭാഗങ്ങളിലും ശാഖകളായി പടരുകയും ഒരു വൻവൃക്ഷമായിത്തീരുകയും

ചെയ്യും.'' ആഫ്രിക്കയിൽ വസിക്കുന്ന നിങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരത്തിന്റെ ശാഖകൾ തന്നെയാണ്. അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് അവിടത്തെ ജമാഅത്തിനെ മുക്കിലും മൂലയിലുമെല്ലാം വ്യാപിപ്പിച്ചു. എതിരാളികൾ പറയുന്നത്, ഈയാൾ കള്ളനാണെന്നും അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമച്ചു പറയുന്നവനാണെന്നും നബി(സ) തിരുമേനിയെ ആക്ഷേപിക്കുന്നവനുമാണെന്നാണ്. അല്ലാഹുവിന്റെ പേരിൽ കളവു പറയുന്നവരോടും തഖ്‌വയില്ലാത്തവരോടും അല്ലാഹു ഇങ്ങനെയാണോ പെരുമാറുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ എതിരാളികളാണ് കളവ് പറയുന്നവർ. തീർച്ചയായും കളവ് പറയുന്നവർ. നിങ്ങൾ അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടും അവന്റെ മുമ്പിൽ കുനിഞ്ഞു കൊണ്ടും തഖ്‌വയിൽ നിലനിന്നുകൊണ്ടും നബി (സ) തിരുമേനിയുടെ ആത്മീയസുതനായ കാലത്തിന്റെ മസീഹിന്റെ ജമാഅത്തിൽ പറ്റിച്ചേർന്നിരിക്കുക. അല്ലാഹു നിങ്ങൾക്ക് വ്യക്തിഗതമായ നിലയിലും, ജമാഅത്ത് എന്ന നിലയിലും അവന്റെ വാഗ്ദാനമനുസരിച്ച് എണ്ണമറ്റ അനുഗ്രഹം നല്കിക്കെണ്ടിരിക്കുന്നതാണ്. തീർച്ചയായും നിങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത ഈ വാഗ്ദാനമനുസരിച്ചുള്ളവരായിത്തീരും. അവിടന്ന് പറയുന്നു: "അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു. ജമാഅത്തിനെ അറിയിക്കുക. ആരാണോ വിശ്വസിച്ചത്, ഭൗതികത കലർന്നിട്ടില്ലാത്ത വിശ്വാസം, കപടതയോ ഭീരുത്വമോ കലർന്നിട്ടില്ലാത്ത വിശ്വാസം വിശ്വസിച്ചവർ എന്നുവെച്ചാൽ, ലൗകികതയുടെ ചേറു പുരണ്ടിട്ടില്ലാത്ത സത്യവിശ്വാസം, കാപട്യവും ഭീരുത്വവും കൊണ്ട് മലീമസമായിട്ടില്ലാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ യാതൊരു മേഖലയും ഒഴിഞ്ഞുപോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ആരോ അവർ അല്ലാഹുവിന്റെ ഇഷ്ടജനമാകുന്നു. അല്ലാഹു പറയുന്നു: അവരത്രെ സത്യത്തിന്റെ പാതയിൽ പദമൂന്നിയവർ."

അല്ലാഹു നമുക്കെല്ലാം സത്യത്തിന്റെ പാതയിലൂടെ പദമൂന്നാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ എല്ലാ കർമ്മങ്ങളിൽനിന്നും തഖ്‌വ പ്രകടമാകുമാറാകട്ടെ. ഇവിടെ വേറൊരുകാര്യം എനിക്ക് പറയാതെ വയ്യ. നിങ്ങളിലെ ഖിലാഫത്തിനോടുള്ള സ്നേഹവും ആത്മാർത്ഥതയും സ്തുത്യർഹമാണ്. അല്ലാഹു നിങ്ങളെ തഖ്‌വയിൽ നിലനിറുത്തിക്കൊണ്ട് ഈ ഉറച്ചബന്ധത്തെ കൂടുതൽ ശക്തിയുള്ളതാക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. എനിക്കും മുമ്പത്തെക്കാളേറെ നിങ്ങളെ സ്നേഹിക്കാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. നിങ്ങൾ എനിക്ക് പ്രിയപ്പെട്ടവരാണ്. കാരണം നിങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹരിതാഭമായ വൃക്ഷത്തിന്റെ ശാഖകളാണ്. തഖ്‌വ സ്വായത്തമാക്കിക്കൊണ്ട് നബി(സ) തിരുമേനിയെ സ്നേഹിക്കുന്നവരും അവിടത്തോടുള്ള സ്നേഹം കാരണം അവിടത്തെ ആത്മീയ സുതനേയും സ്നേഹിക്കുന്നവരും എനിക്ക് പ്രിയപ്പെട്ടവരുമാണ്. തഖ്‌വയുടെ മാർഗ്ഗത്തിലൂടെ നടന്നുകൊണ്ട് ഈ എല്ലാ തേട്ടങ്ങളും പൂർത്തിയാക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 13.5.2005 at Keniya

*Transilated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala